"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയത്തിലും, 4 പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിലും ഔദ്യോഗിക കൃത്യനിർവ്വഹണത്തിനായി അഞ്ച് വാഹനങ്ങൾ വാങ്ങുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി.ബി) വകുപ്പ്**

സ.ഉ.(കൈ) നം.267/2022/LSGD തീയതി,തിരുവനന്തപുരം, 06-12-2022

---

പരാമർശം:- 1. പഞ്ചായത്ത് ഡയറക്ടറുടെ 02/09/2021 തീയതിയിലെ PAN/4389/2021-G3(DP) നമ്പർ അപേക്ഷ.

2. പഞ്ചായത്ത് ഡയറക്ടറുടെ 22/11/2022 തീയതിയിലെ PAN/4389/2021-G3(DP) നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

പഞ്ചായത്ത് ഡയറക്ടറുടെ പേരിലുള്ള അക്കൗണ്ടിൽ നിലവിലുള്ള 77,46,450 രൂപയിൽ നിന്നും പഞ്ചായത്ത് ഡയറക്ടറേറ്റിലും 4 പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിലും ഔദ്യോഗിക കൃത്യനിർവ്വഹണം കാര്യക്ഷമമായി നടത്തുന്നതിനും ദീർഘദൂര യാത്രകൾക്കും ഉപയുക്തമാകുന്ന രീതിയിൽ അഞ്ച് വാഹനങ്ങൾ (പഞ്ചായത്ത് ഡയറക്ടർ-1, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ-4) വാങ്ങുന്നതിന് അനുമതി നല്കണമെന്ന് പരാമർശം(1) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അപേക്ഷിച്ചിരുന്നു.

2. നിലവിൽ ജെം പോർട്ടലിൽ കുറഞ്ഞ വിലക്കുള്ള ഇലക്ട്രിക് വാഹനം ലഭ്യമല്ലാത്തതിനാൽ റ്റാറ്റാ ടിഗോർ ഇ.വി. എക്സ്.എം പ്ലസ് ന്റെ 4 ഇലക്ട്രിക് വാഹനങ്ങളും (13,49,000/- രൂപ എക്സ് ഷോറൂം വില), റ്റാറ്റാ നെക്സോൺ (ഡി) (എക്സ്.എം) (എസ്) (9,32,712/- രൂപ ജെം പോർട്ടൽ വില) ഡീസൽ വാഹനവും ഉൾപ്പെടെ അഞ്ച് വാഹനങ്ങൾ വാങ്ങുന്നതിന് ആകെ വരുന്ന തുക 63,28,712/-(അറുപത്തി മൂന്ന് ലക്ഷത്തി ഇരുപത്തിയെണ്ണായിരത്തി എഴുന്നൂറ്റി പന്ത്രണ്ട് രൂപ മാത്രം) ആണെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം(2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഡയറക്ടറേറ്റിലേക്ക് ഒരു ഡീസൽ/പെട്രോൾ വാഹനവും ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, വയനാട് എന്നീ ജില്ലകളിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിലേക്ക് 4 ഇലക്ട്രിക് വാഹനങ്ങളും പരാമർശം (2)-ൽ ബോധിപ്പിച്ചിരിക്കുന്ന പ്രകാരം, പഞ്ചായത്ത് ഡയറക്ടറുടെ പേരിലുള്ള അക്കൗണ്ടിൽ നീക്കിയിരുപ്പുള്ള 77,46,450/- (എഴുപത്തിയേഴ് ലക്ഷത്തി നാൽപ്പത്തിയാറായിരത്തി നാനൂറ്റി അൻപത് രൂപ മാത്രം) രൂപയിൽ നിന്നും വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്
പൊതുഭരണ (എസ്.സി) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിംഗ്, ഐ & പി.ആർ.ഡി, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Reenamma P A**
**Date: 06-12-2022 12:47:04**
സെക്ഷൻ ഓഫീസർ